14. ശ്രീ. റ്റി. എം. പ്രഭ, (യു.റ്റി.യു.സി.), ധനസ്, ആശ്രാമം. പി.ഒ., കൊല്ലം - 2.

15. ശ്രീ. ഇ. വി. തങ്കപ്പൻ, (യു.റ്റി.യു.സി.), എടാരിമറ്റം ഹൗസ്, മുണ്ടക്കയം ഈസ്റ്റ് പി. ഒ., ഇടുക്കി - 686 513.

16. ശ്രീ. എൻ. ബി. ശശിധരൻ, (ബി.എം.എസ്.), വൈസ് പ്രസിഡന്റ്, കേരള പ്ലാന്റേഷൻ മസ്ദൂർ ഫെഡറേഷൻ, ബി.എം.എസ്. ഓഫീസ്, നെടുങ്കണ്ടം പി.ഒ., ഇടുക്കി - 685 553.

17. ശ്രീ. പി. പി. എ. കരീം, (എസ്.റ്റി.യു.), എസ്.റ്റി.യു. ഓഫീസ്, മേപ്പാടി പി. ഒ., വയനാട് ജില്ല.

18. അഡ്വ. ടോം തോമസ്, പ്രസിഡന്റ്, എച്ച്.എം.എസ്., പൊൻകുന്നം പി.ഒ., കോട്ടയം - 686 039.

19. ശ്രീ. ജോസഫ് മാത്യു, പ്രസിഡന്റ്, പ്ലാന്റേഷൻ സ്റ്റാഫ് ആന്റ് എംപ്ലോയീസ് ഫെഡറേഷൻ, തേക്കുംകൽ ബിൽഡിംഗ്, കളക്ടറേറ്റ് പി.ഒ., കോട്ടയം - 686 002.

(ബി) 22-5-2012-ൽ ഒപ്പുവച്ച ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ് അവസാനമായി പ്ലാന്റേഷൻ മേഖലയിൽ വേതനം പരിഷ്കരിച്ചത്. ഈ കരാറിന്റെ കാലാവധി 31-12-2014 വരെ ആയിരുന്നു.

(സി) 2014 ഡിസംബർ 31-നുശേഷം 14 തവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഇതിൽ എട്ട് എണ്ണത്തിൽ ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി നേരിട്ട് പങ്കെടുത്തിട്ടുണ്ട്.

(ഡി) കാലവിളംബം ഉണ്ടായിട്ടില്ല. കാലാവധി അവസാനിക്കുന്നതിന് മുമ്പുതന്നെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു.

തോട്ടം മേഖലയിലെ കൂലി വർദ്ധന

276 (965) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ കൂലി വർദ്ധന നടപ്പിലാക്കാനാവില്ലെന്ന് അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള കത്ത് നൽകിയിരുന്നോ; കത്തിലെ ആവശ്യങ്ങൾ എന്തൊക്കെയാണ്; പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തോട്ടം തൊഴിലാളികളുടെ സമരകാലത്തും പി.എൽ.സി.-യുമായുള്ള ചർച്ചക്കു മുമ്പും ക്ലിക്കാര്യത്തിൽ വകുപ്പുമന്ത്രി നടത്തിയ തൊഴിലാളി വിരുദ്ധ പ്രസ്താവന സമരം നീളുന്നതിനും ചർച്ചയിൽ തൊഴിലാളികൾക്ക് പ്രതികൂലമായി തീരുമാനം വന്ന കാര്യവും പരിശോധിച്ചിരുന്നോ; മന്ത്രി നടത്തിയ പരസ്യ പ്രസ്താവനകൾക്ക് ആധാരമായ വസ്തുതകൾ എന്തായിരുന്നു;

(സി) പരിമിതമായ കൂലി വർദ്ധനയുടെ മറവിൽ തോട്ടം ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും നികുതി ഇളവുകളും നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) കൂലി വർദ്ധനവ് തോട്ടം മേഖലയെ തകർക്കുമെന്ന മന്ത്രിയുടെ പരസ്യ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ, തൊഴിലാളി താല്പര്യം മുൻനിർത്തി നഷ്ടത്തിലുള്ള തോട്ടങ്ങൾ ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലോ സമാന രീതിയിലോ നടത്തുന്നതിനെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ?

ഉത്തരം

(എ) കൂലി വർദ്ധന നടപ്പാക്കാനാകില്ലായെന്ന് അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടില്ല.

(ബി) തൊഴിലാളി വിരുദ്ധ പ്രസ്താവന നടത്തിയിട്ടില്ല.

(സി &ഡി) പരിഗണനയിലില്ല.

തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാർ

277 (966) ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാറിന്റെ കാലാവധി അവസാനിച്ചത് എന്നായിരുന്നെന്നും പുതുക്കിയ കൂലി എന്നു മുതൽ നൽകാനാണ് ധാരണയായിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പുതുക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly